# കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഇടതുസർക്കാർ രാജിവെയ്ക്കണം

**കെ.എം.മാണി**

കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഇടതുസർക്കാരിന് അധികാരത്തിൽ തുടരുവാനുള്ള ധാർമികമായ അവകാശമില്ലെന്നും അവർ രാജിവെച്ച് ജനവിധി തേടണമെന്നും കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി ആവശ്യപ്പെട്ടു.

കേരളാ യൂത്ത് ഫ്രണ്ട് (എം) ജന്മദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇടതുഭരണത്തിനെതിരെ നിരന്തരം ഉയർന്നുവന്നുകൊണ്ടിരുന്ന ജനരോഷം വെറും മാധ്യമസൃഷ്ടി മാത്രമാണെന്നായിരുന്നു സിപിഎം നേതൃത്വം ഒരുപോലെ അവകാശപ്പെട്ടിരുന്നത്. എന്നാൽ മാധ്യമങ്ങളുടെ വിമർശനത്തിൽ കഴമ്പുണ്ടെന്നും മന്ത്രിസഭയ്ക്കുള്ളിലെ അനൈക്യവും അഭിപ്രായഭിന്നതകളും അവയുടെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങളും റിപ്പോർട്ടു ചെയ്യുക മാത്രമാണ് മാധ്യമങ്ങൾ ചെയ്തതെന്നും ധനമന്ത്രി തോമസ് ഐസക് പരസ്യമായി പറഞ്ഞിരിക്കുന്നു. ഇത് സിപിഎമ്മിന്റെയും ഇടതുമുന്നണിയുടെയും പ്രഖ്യാപിത നിലപാടുകൾക്ക് കടകവിരുദ്ധവുമാണ്.

തോമസ് ഐസക്കിന്റെ പ്രസ്താവന സംസ്ഥാനസർക്കാരിനെതിരായ കുറ്റപത്രമാണ്. ഇടതുപാളയത്തിൽനിന്നുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ ഇത്തരം പ്രസ്താവനകൾ ഈ സർക്കാരിനെതിരായ ജനരോഷത്തെ സാധൂകരിക്കുന്നു.



*കേരളാ യൂത്ത് ഫ്രണ്ട് (എം) ജന്മദിനസമ്മേളനം പാർട്ടി ലീഡർ കെ.എം.മാണി ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.ജോബ് മൈക്കിൾ, അഡ്വ.ജോയി ഏബ്രഹാം, അഡ്വ.മുഹമ്മദ് ഇക്ബാൽ, ഇ.ജെ.ആഗസ്തി, വിക്ടർ ടി.തോമസ്, സ്റ്റീഫൻ ജോർജ്, ജെയിംസ് തെക്കനാടൻ, ബേബി ഉഴുത്തുവാൽ എന്നിവർ സമീപം.*

സംസ്ഥാനത്തിന്റെ ജീവനാഡികളാവേണ്ട വികസന പദ്ധതികൾ ഓരോന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ വികസനസ്വപ്നങ്ങൾ പോലും സിപിഎമ്മിനുള്ളിലെ അധികാരവടംവലിയിൽ ഗ്രസിക്കപ്പെട്ടിരിക്കുന്നു. ഇതുമൂലം ലക്ഷോപലക്ഷം യുവജനങ്ങളുടെ ഭാവിയാണ് ആശങ്കയിലാഴ്ന്നിരിക്കുന്നത്.

സ്മാർട്സിറ്റി, വിഴിഞ്ഞം തുടങ്ങിയ, സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റാനുതകുന്ന വൻ പദ്ധതികൾ പോലും തിരിച്ചുകൊണ്ടുവരുവാൻ കഴിയാത്തനിലയിൽ സ്തംഭനാവസ്ഥയിലായിരിക്കുന്നു. ഇതിനുത്തരവാദികൾ ഇടതുസർക്കാർ മാത്രമാണ്.

ഈ സർക്കാർ സംസ്ഥാനത്തെ യുവജനങ്ങളോടു ചെയ്ത കൊടിയ വഞ്ചനയാണിത്. ഇതിനു യുവസമൂഹം ഒരിക്കലും മാപ്പുനല്കുകയില്ല. യുവജനങ്ങളുടെ ഭാവി ഇരുളടയ്ക്കുന്ന സമീപനങ്ങൾ നിരന്തരം സ്വീകരിക്കുന്ന ഇടതുസർക്കിനെതിരെ രാഷ്ട്രീയമായ വ്യത്യാസങ്ങൾ മറന്ന് യുവജനസംഘടനകൾ മുന്നിട്ടിറങ്ങണമെന്നും കെ.എം.മാണി ആഹ്വാനം ചെയ്തു.

കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ അധ്യക്ഷത വഹിച്ചു. ജോസ് കെ.മാണി എം.പി, അഡ്വ.ജോയി ഏബ്രഹാം, ഇ.ജെ. ആഗസ്തി, വിക്ടർ.ടി.തോമസ്, ബേബി ഉഴുത്തുവാൽ, സ്റ്റീഫൻ ജോർജ്, അജിതാ സാബു, അഡ്വ.മുഹമ്മദ് ഇക്ബാൽ, അഡ്വ.പ്രിൻസ് ലൂക്കോസ്, ബിനു കെ.അലക്സ്, റെജി കുന്നംകോട്, സജി കുറ്റ്യാനിമറ്റം, സാജൻ തൊടുക, ജെസിംസ് തെക്കനാടൻ, നസീർ സലാം, രാജേഷ് വാളിപ്ലാക്കൽ, ബിജോയ് പ്ലാത്താനം, അഡ്വ.സാജൻ കുന്നത്ത്, ബിജു മുളകുപാടം, സോജി മുക്കാട്ടുകുന്നേൽ, തോമസുകുട്ടി വട്ടേക്കാട്, അഡ്വ.ബോസ് അഗസ്റ്റിൻ, വർക്കല സജീവ്, ആയൂർ ബിജു, ജെസ്മോൻ ചാക്കുണ്ണി, സണ്ണി പൊരുന്നക്കോട്, ബിജു മാറാച്ചേരി, ബിജോയ് വാതല്ലൂർ, അഡ്വ. സുമേഷ് ആൻഡ്രൂസ്, സിബി മാളവന, ശശിധരൻ, ജിൻസൺ പൗവ്വത്ത്, അഡ്വ. രഞ്ജിത്ത് തോമസ്, ഗോഡ്വിൻ ജോർജ്, അഡ്വ.പ്രദീപ് കൂട്ടാല, സി.ആർ.സുനു, ബിജു പൂന്തോട്ടത്തിൽ, സജി മഞ്ഞക്കടമ്പിൽ, മജ്നു എം.രാജൻ, ജിൻസൺ വർക്കി, ബിജു ആന്റണി, അബ്ദുൾ നാസർ ഖാൻ, സന്തോഷ് ജോൺ, സിബി വാഴക്കാല, രാജേഷ് വി.ആർ എന്നിവർ പ്രസംഗിച്ചു.



*കേരളാ യൂത്ത് ഫ്രണ്ട് (എം) ജന്മദിനസമ്മേളനത്തോടനുബന്ധിച്ച് നല്കിയ സ്വീകരണത്തിൽ ജോസ് കെ.മാണി എം.പി. പ്രസംഗിക്കുന്നു.*



*ജോസ് കെ.മാണി എം.പിയെ യൂത്ത് ഫ്രണ്ട് (എം) പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ഷാളണിയിച്ച് അനുമോദിക്കുന്നു. ജനറൽ സെക്രട്ടറി അഡ്വ.മുഹമ്മദ് ഇക്ബാൽ, വിക്ടർ ടി.തോമസ് എന്നിവർ സമീപം.*

## ഇടതുസർക്കാരിന്റെ പിന്തിരിപ്പൻ നയം

# വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനത്തിന് തടസം

**ജോസ് കെ.മാണി എം.പി.**

രാജ്യത്തെ വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ബൃഹത്പദ്ധതികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ അതിനെതിരെ പിന്തിരിപ്പൻ നയവുമായി മുഖംതിരിച്ചു നില്ക്കുന്ന ഇടതുസർക്കാരിന്റെയും വിദ്യാഭ്യാസമന്ത്രിയുടെയും സമീപനം സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയെ പൂർണമായും അധോഗതിയിലാക്കുമെന്നു ജോസ് കെ.മാണി എം.പി പറഞ്ഞു.

കെ.എസ്.സി(എം) സംസ്ഥാനകമ്മിറ്റിയുടെ അനുമോദനയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പിന്നോക്കവിദ്യാർത്ഥികൾക്ക് പലിശരഹിതവായ്പ, സൗജന്യസ്കൂൾ വിദ്യാഭ്യാസത്തിന് നിയമപരിരക്ഷ തുടങ്ങി തികച്ചും മാതൃകാപരമായ പദ്ധതികളാണ് യുപിഎ സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെയൊക്കെ ഗുണഫലങ്ങൾ സംസ്ഥാനത്തെ ലക്ഷക്കണക്കിന് നിർധന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം രാഷ്ട്രീയപ്രേരിതമായി ആരോപണങ്ങൾ മാത്രം ഉന്നയിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

പാഠപുസ്തകപരിഷ്കരണം, ഏകജാലകം, സ്വാശ്രയനയം, ഡിഗ്രി സെമസ്റ്ററൈസേഷൻ തുടങ്ങി ഇടതുസർക്കാർ അധികാരത്തിലേറിയതിനുശേഷം വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ ദുരുപദിഷ്ഠിതമായ പരിഷ്കാരങ്ങളൊക്കെ ഏകാധിപത്യപരമായാണ് കൊണ്ടുവന്നത്. ഇത്തരത്തിൽ ജനാധിപത്യധ്വംസനം നടത്തിയവർ വിദ്യാഭ്യാസമേഖലയെ സാർവത്രികമാക്കുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തുന്നവരെ അടച്ചാക്ഷേപിക്കുന്നത് കേരളത്തിൽ അനുവദിച്ചുകൊടുക്കാൻ കഴിയില്ല–ജോസ് കെ.മാണി കൂട്ടിച്ചേർത്തു.

കെ.എസ്.സി.(എം) സംസ്ഥാന പ്രസിഡണ്ട് റോണി മാത്യു അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ജോയി ഏബ്രഹാം, ജില്ലാ പ്രസിഡണ്ട് ഇ.ജെ. ആഗസ്തി, കെ.എസ്.സി(എം) സംസ്ഥാന ഭാരവാഹികളായ മജു പുളിയ്ക്കൻ, റിജോ കടവൻ, ടോബിൻ കെ.അലക്സ്, ടിജോ മണ്ണൂർ, രാജേഷ് വി.ആർ, ഷെയ്ക്ക് അബ്ദുള്ള, രതീഷ് പി.കെ, പി.ഒ.ലോയിഡ്, അലക്സ് ബി.മാത്യു, അമൽ വിൻസെന്റ്, അനൂപ് മഴുവണ്ണൂർ, ടോം ജെ.പുളിയ്ക്കൻ, ജിപ്സൺ ജെ.നടയ്ക്കൽ, റിജോ നാട്ടകം എന്നിവർ പ്രസംഗിച്ചു.



*കെ.എസ്.സി(എം) സംസ്ഥാനകമ്മിറ്റി സംഘടിപ്പിച്ച അനുമോദനയോഗത്തിൽ ജോസ് കെ.മാണി എം.പി പ്രസംഗിക്കുന്നു. റോണി മാത്യു, മജു പുളിക്കൻ, ടിജോ മണ്ണൂർ, ടോബിൻ കെ.അലക്സ്, ഷെയ്ഖ് അബ്ദുള്ള, രാജേഷ് വി.ആർ എന്നിവർ സമീപം.*

ചരിത്രം

ഡോ. വെളുത്താട്ട് കേശവൻ

കേരള ചരിത്രരചനയ്ക്ക് ഒരാമുഖം 2

# ലിഖിതപ്രമാണങ്ങളുടെ ചരിത്രപ്രാധാന്യം

**പാ**ശ്ചാത്യചരിത്രരചനാപദ്ധതിയിലൂന്നിനിന്ന ഈ ചരിത്രകാരന്മാർക്കാർക്കും ഭാരതീയമായ പദ്ധതിയെ ഉൾക്കൊള്ളാനായില്ല. നമ്മുടെ ചരിത്രപാരമ്പര്യത്തിന്റെ നിദർശനമായ കേരളോല്പത്തിയെ ലോഗൻ "ഐതിഹ്യരൂപമായ അസംബന്ധങ്ങളുടെ ഒരു ഭാണ്ഡം" എന്നു വിശേഷിപ്പിച്ചത് ഇതുകൊണ്ടാണ്. "ഐതിഹ്യ"ങ്ങളിൽനിന്നു വ്യതിരിക്തമായി പ്രാചീനചരിത്രം രേഖപ്പെടുത്താൻ ശ്രമിച്ച ആദ്യത്തെ കേരളചരിത്രകാരൻ ലോഗനാണ്.

അദ്ദേഹം എഴുതുന്ന കാലത്ത് പുരാതത്ത്വപഠനം ഏറെയൊന്നും പുരോഗമിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കേരളചരിത്രത്തിൽ പുരാതത്ത്വലക്ഷ്യങ്ങൾ വളരെയൊന്നും അദ്ദേഹത്തിന് ഉപയോഗിക്കാൻ കഴിഞ്ഞില്ല. എന്നിട്ടും കേരളത്തിലങ്ങിങ്ങു കാണുന്ന തൊപ്പിക്കല്ലുകളുടെയും കൊടക്കല്ലുകളുടെയും മറ്റു 'മഹാശിലാ' സ്മാരകങ്ങളുടെയും പ്രാധാന്യം അദ്ദേഹം മനസ്സിലാക്കി. അതേപോലെ അമ്പലങ്ങളുടെയും പള്ളികളുടെയും വാസ്തുശില്പങ്ങളുടെ പ്രാധാന്യവും അദ്ദേഹം കണക്കിലെടുത്തു. അതിലപ്പുറം പോവാനുള്ള കോപ്പുകൾ അക്കാലത്ത് ലഭ്യമല്ലായിരുന്നു.

**"ഐതിഹ്യ"ങ്ങളിൽനിന്നു വ്യതിരിക്തമായി പ്രാചീനചരിത്രം രേഖപ്പെടുത്താൻ ശ്രമിച്ച ആദ്യത്തെ കേരളചരിത്രകാരൻ ലോഗനാണ്. അദ്ദേഹം എഴുതുന്ന കാലത്ത് പുരാതത്ത്വപഠനം ഏറെയൊന്നും പുരോഗമിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കേരളചരിത്രത്തിൽ പുരാതത്ത്വലക്ഷ്യങ്ങൾ വളരെയൊന്നും അദ്ദേഹത്തിന് ഉപയോഗിക്കാൻ കഴിഞ്ഞില്ല. എന്നിട്ടും കേരളത്തിലങ്ങിങ്ങു കാണുന്ന തൊപ്പിക്കല്ലുകളുടെയും കൊടക്കല്ലുകളുടെയും മറ്റു 'മഹാശിലാ' സ്മാരകങ്ങളുടെയും പ്രാധാന്യം അദ്ദേഹം മനസ്സിലാക്കി. അതേപോലെ അമ്പലങ്ങളുടെയും പള്ളികളുടെയും വാസ്തുശില്പങ്ങളുടെ പ്രാധാന്യവും അദ്ദേഹം കണക്കിലെടുത്തു. അതിലപ്പുറം പോവാനുള്ള കോപ്പുകൾ അക്കാലത്ത് ലഭ്യമല്ലായിരുന്നു.**

ചരിത്രപഠനത്തിൽ പുരാലിഖിതപ്രമാണങ്ങളുപയോഗിക്കുന്ന പദ്ധതിയും കേരളത്തിലുദ്ഘാടനം ചെയ്തത് ലോഗനാണെന്നു പറയാം. അന്നു പണ്ഡിതലോകം അറിഞ്ഞിരുന്ന മൂന്നേ മൂന്നു ലിഖിതപ്രമാണങ്ങളേയുണ്ടായിരുന്നുള്ളു, കേരളത്തിൽ–ജൂതശാസനം, വീരരാഘവപ്പട്ടയം, തരിസാപള്ളിപ്പട്ടയം. ലോഗൻ എഴുതുന്ന കാലത്തേക്ക് ഇവ മൂന്നും ഗുണ്ടർട്ടും ബർണലും വിസ്തരിച്ചു പഠിച്ചിരുന്നു; അവയുടെ കാലവും ഇവർ ഒരു തരത്തിൽ നിർണയിച്ചിരുന്നു. ഈ കാലഗണനയെയും പൗർവാപര്യത്തെയും ഉപരിഗവേഷണങ്ങൾ തീരെ തകിടം മറിച്ചിട്ടുണ്ടെന്നത് മറ്റൊരു കാര്യം. ഏതായാലും സമകാലിക രേഖകളുപയോഗിച്ച് കേരളചരിത്രം രചിച്ച ആദ്യത്തെ പണ്ഡിതനെന്ന ബഹുമതി ലോഗനുള്ളതാണ്. പ്രമാണങ്ങളുടെ പരിമിതിയും അവയെ സമീപിച്ചതിലെ അശാസ്ത്രീയതയും അദ്ദേഹത്തിന്റെ നിഗമനങ്ങളെ കാര്യമായി ബാധിച്ചിരുന്നുവെന്നതു ശരി തന്നെ. അതേപോലെ അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നീതീകരണം അദ്ദേഹമെഴുതിയതിൽ ധാരാളമായി കാണാമെന്നതും ശരിതന്നെ. എന്തൊക്കെയായാലും പ്രമാണത്തിലൂന്നിയ ചരിത്രരചന–വിശേഷിച്ചു പ്രാചീന–മധ്യകാലങ്ങളെകുറിച്ച്–ഇവിടെ തുടങ്ങിവച്ചത് ലോഗൻ തന്നെ.

ലോഗനുപയോഗിച്ചിരുന്ന ലിഖിത പ്രമാണങ്ങൾ–ജൂതശാസനം, വീരരാഘവപ്പട്ടയം, തരിസാപ്പള്ളിപ്പട്ടയം–ചരിത്രകാരന്മാരുടെ കയ്യിൽ പലതരം വ്യാഖ്യാനവിശേഷങ്ങൾക്കും വഴങ്ങി. ഒന്നാമതായി കാലഗണന. ചിലരേഖകളുടെ കാലം ഏതാണ്ടഞ്ചു നൂറ്റാണ്ടോളം നീങ്ങി. വായനയിലും ചില മാറ്റങ്ങൾ വന്നു. തരിസാപള്ളിപ്പട്ടയത്തിലെ 'കോത്താണു ഇരവിക്കുത്തൻ' എന്നതിലൊരു ഗുപ്തനെയും അതുവഴി അയാൾക്കൊരു മൗര്യബന്ധവും വായിച്ചതു തിരുത്തപ്പെട്ടു. പുനമേയക്കാനുള്ള നികുതിയെന്നു കരുതിയത് പുരകെട്ടിമേയാനുള്ള നികുതിയായി തിരുത്തപ്പെട്ടു കൂടുതൽ രേഖകൾ വെളിച്ചം കണ്ടു; അവയ്ക്കൊക്കെ നവനവങ്ങളായ വ്യാഖ്യാനങ്ങളുമുണ്ടായി. സ്വാഭാവികമായും അവയെ അടിസ്ഥാനപ്പെടുത്തി രചിക്കപ്പെടുന്ന ഭൂതകാലത്തിന്റെ ചിത്രവും മാറുമല്ലോ.

ഇങ്ങനെ പുതിയ പ്രമാണങ്ങൾ പുറത്തു വരുന്നതു വഴിയും പണ്ടറിയാവുന്നവതന്നെ പുനർവ്യാഖ്യാനം ചെയ്യപ്പെടുന്നതുവഴിയും ചരിത്രത്തിന്റെ രൂപം തന്നെ മാറും. അതുകൊണ്ടാണ് ചരിത്രചനയ്ക്കാലംബമായ സാമഗ്രികളുടെ വസ്തുനിഷ്ഠമായൊരു പട്ടിക നിരത്താൻ അസാധ്യമാണെന്ന് ആദ്യം പറഞ്ഞത്.

ചരിത്രകാരനും അയാളുടെ മുമ്പിലുള്ള തെളിവുകളും തമ്മിലുള്ള അനുസ്യൂതമായൊരു സംവാദം ആണ് ചരിത്രമെന്നത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ സംവാദത്തിലുള്ള കക്ഷികൾ ഒരിക്കലും സ്ഥിരരാശിയല്ലെന്ന് ഓർമിക്കേണ്ടതാണ്. കൂടുതൽ തെളിവുകൾ വന്നുകൊണ്ടിരിക്കും; ഉള്ളവ തന്നെ പുതിയ വ്യാഖ്യാനങ്ങളെക്കൊണ്ടും അപഗ്രഥനോപാധികളെക്കൊണ്ടും കൂടുതൽ മിഴിഞ്ഞുവരും. ചരിത്രകാരനുമതേ, പുതിയ ഉൾക്കാഴ്ചകളും തത്ത്വസംഹിതകളും മൂലം വ്യത്യസ്തമായ നിലപാടുകളെടുക്കും. ഇതൊക്കെ കണക്കിലെടുത്തു വേണം, കേരളചരിത്ര സാമഗ്രികളെ പരിശോധിക്കാൻ. ◈

---

## 9 >> അസംഘടിത തൊഴിലാളികളും ക്ഷേമനിധികളും

**കള്ള് ഷാപ്പ് തൊഴിലാളികൾക്കായുള്ള ക്ഷേമനിധി** ഓഫീസ് തിരുവനന്തപുരത്ത് ഉള്ളൂരിൽ പ്രവർത്തിക്കുന്നു. ഫോൺ– 0471– 2442287.

**വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധി** 2004 ജൂൺ 17ന് നിലവിൽ വന്നു. വിലാസം: കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി. T.C No. 26/502 (1) ഊട്ടുകുഴി, തിരുവനന്തപുരം, ഫോൺ– 0471 –2320232.

**അബ്കാരി തൊഴിലാളി ക്ഷേമനിധി 1990ൽ നിലവിൽ വന്നു.** വിലാസം: കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, പവർഹൗസ് റോഡ്, തിരുവനന്തപുരം, ഫോൺ: 0471– 2460397, 2460667.

**ആധാരം എഴുത്തുകാർ, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർ ക്ഷേമപദ്ധതി** 1992ൽ നിലവിൽ വന്നു. വിലാസം: ആധാരം എഴുത്തുകാർ, പകർത്തെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർ ക്ഷേമനിധി, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രാർഡ് ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം – 695035, ഫോൺ 0471–2462668.

**ബീഡി - സിഗാർ തൊഴിലാളി ക്ഷേമനിധി** 1996 ഫെബ്രുവരി 23ന് നിലവിൽ വന്നു. വിലാസം: കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, SPCA റോഡ്, കണ്ണൂർ - 2, ഫോൺ: 0497– 2706133

**കൈത്തറി തൊഴിലാളി ക്ഷേമനിധി** 1990 മെയ് 29 മുതൽ നിലവിൽ വന്നു. വിലാസം: കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ–61, ഫോൺ: 0497–2702995.

വ്യവസായ സ്ഥാപനങ്ങൾ, തോട്ടം വാണിജ്യ സഹകരണ സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി ലേബർ വെൽഫെയർ ഫണ്ട് നിലവിലുണ്ട്. വിലാസം: *ലേബർ വെൽഫെയർ ഫണ്ട് T.C No. 15/15277 ശ്രീവത്സം, വഴുതക്കാട്, തിരുവനന്തപുരം -35 ഫോൺ: 0471–2324752.*

റബർ ബോർഡിനും ക്ഷേമപദ്ധതികളുണ്ട്. വിലാസം: റബർ ബോർഡ്, പി. ബി. നമ്പർ 280, കോട്ടയം– 686002. ▣

---

## അക്ഷരലോകം

### അതുല്യ വ്യക്തിത്വത്തിന്

അഡ്വ. ചാർളിപോൾ

പ്രസാ. അസൻസ് ബുക്സ്

വില: 80.00



**സ**വിശേഷതകളുടെ സമാഹാരമാണ് വ്യക്തിത്വം. ചിന്തയിൽ, വാക്കിൽ, പെരുമാറ്റത്തിൽ ശരീര ചലനങ്ങളിൽ, വസ്ത്രധാരണത്തിൽ, കർമങ്ങളിൽ എല്ലാം നാം നമ്മുടെ വ്യക്തിത്വം പ്രകടമാക്കുന്നു.

അതുല്യമായ വ്യക്തിത്വങ്ങളോട് നമുക്ക് ഏറെ ആദരവ് തോന്നും. ചില കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചാൽ നിങ്ങൾക്കും അതുല്യ വ്യക്തിത്വത്തിന് ഉടമയാകാം.

നൂതനമായ മന:ശാസ്ത്ര സങ്കേതങ്ങൾ സമന്വയിപ്പിച്ചുകൊണ്ട്, പ്രായോഗികതയുടെ വെളിച്ചത്തിൽ തയ്യാറാക്കിയ ഈ ഗ്രന്ഥം ജീവിതം ആസ്വദിക്കുന്ന, ഉന്നത വ്യക്തിത്വം കാംക്ഷിക്കുന്ന ഏവർക്കും അനുഗൃഹീത മുതൽക്കൂട്ടാകും. സുശക്തമായ വ്യക്തിത്വം ആർജിക്കുവാനും, വ്യക്തിജീവിതത്തെ മഹത്തരവും അർത്ഥസമ്പുഷ്ടവും ആക്കുവാനും, ജീവിത യാത്രയിൽ വിജയത്തിന്റെ മേഖലകൾ കീഴടക്കാനുമുള്ള വിജയമന്ത്രങ്ങളാണീ ഗ്രന്ഥം ഉള്ളടക്കുന്നത്.

CYAN MAGENTA YELLOW BLACK



നാരദൻ

# പതിമൂന്നാം പേജ്

## നാഥാ അങ്ങേക്കു സ്തുതി



പ്രിയ പിണറായിസഖാവേ, അങ്ങയെ വീണ്ടും നമിക്കുന്നു. അങ്ങയുടെ പാർട്ടിയെക്കുറിച്ച് ഞങ്ങൾക്കൊന്നുമറിയില്ലെന്ന് അങ്ങു പണ്ടു പറഞ്ഞതു ശരിയെന്നു സമ്മതിക്കാതെ വയ്യ കേട്ടോ. മുപ്പതുകോടിയല്ലേ അങ്ങേക്കുവേണ്ടി പാർട്ടിയും പാർട്ടിയുടെ യുവജനസംഘടനകളും ബഹുജനസംഘടനകളുമെല്ലാം പിരിച്ചുതരാൻ പോകുന്നത്! ആർക്കുകിട്ടും, എവിടെക്കിട്ടും ഇതുപോലൊരു പൊരിഞ്ഞ സ്നേഹം?

എങ്ങനെയായാലും കുറച്ചുനാളായി കാശിന്റെ കണക്കേ മാർക്സിസ്റ്റുപാർട്ടിയെക്കുറിച്ചു കേൾക്കാനുള്ളൂ. കാശില്ലാത്തവർക്കു പാർട്ടിയിൽ കഴിഞ്ഞുകൂടാൻ തന്നെ പാടായിരിക്കയാണ്. എന്തുകേസുവന്നാലും പാർട്ടി അതിനെ ഇനി രണ്ടുരീതിയിൽ നേരിടും. രാഷ്ട്രീയമായും നിയമപരമായും. രണ്ടിനും നല്ല കാശുവേണം. ആ തരത്തിൽ നോക്കിയാൽ പാർട്ടി ലാവ്‌ലിൻ കേസിനെ നേരിടാൻ പോകുന്നതു സാമ്പത്തികമായാണ്. അതിലേ കാര്യമുള്ളൂ. കാശുണ്ടെങ്കിൽ വച്ചിട്ടു വീട്ടിൽപോകാം. നേതാവു കാര്യം നോക്കിക്കൊള്ളും. നേതാവില്ലെങ്കിൽ പാർട്ടിയില്ല അഥവാ നേതാവാണു പാർട്ടി.

ആരൊക്കെ കാശു തരുമെന്നറിയാനുള്ള ഒരു പരീക്ഷണം കൂടിയാണിതെന്നു പിന്നാമ്പുറസംസാരമുണ്ട്. വി.എസിനുകൂട്ടുള്ള പിന്തിരിപ്പന്മാരെ കണ്ടുപിടിക്കണമല്ലോ. എന്നാൽ, ഇങ്ങനെ കാശു പിരിക്കുന്നെന്ന വാർത്ത പച്ചക്കള്ളമാണെന്നു ചില കൊച്ചുനേതാക്കന്മാർ പറയുന്നതു കേട്ടു. അതു കാര്യമാക്കണ്ട. വിനയംകൊണ്ടു പറയുന്നതാണ്. തോൾ സഞ്ചിയും കട്ടൻകാപ്പിയും പരിപ്പുവടയും കൊണ്ടൊന്നും കാര്യങ്ങൾ പണ്ടത്തെപ്പോലെ ഓടില്ലെന്നു വല്യനേതാക്കന്മാർ തന്നെ നേരത്തേ പറഞ്ഞുകഴിഞ്ഞതല്ലേ? ഇനിയും സംശയമോ?

ഏതായാലും നിലവിൽ മുതലാളിമാരായിട്ടുള്ളവർ അങ്ങനെ തന്നെയിരിക്കട്ടെ. ബാക്കിയുള്ള പാവങ്ങൾ കാശു മിച്ചം വച്ചു മുതലാളിയാകാൻ നോക്കണ്ട. ഉള്ളതു പാർട്ടിക്കു കൊടുക്കണം. പാവങ്ങൾ പാവങ്ങളായും പാർട്ടി പാർട്ടിയായും ഇരിക്കണമെങ്കിൽ കൈയിലുള്ളതു ബക്കറ്റിലിടുകയോ ലോക്കൽകമ്മിറ്റിയിൽ കൊടുത്തു രസീതു വാങ്ങിക്കുകയോ വേണം. ഭൂമി കുലുങ്ങിയാൽ പോലും നമുക്കു പിന്നെ പേടിക്കേണ്ട കാര്യമില്ല. എന്തെന്നാൽ കഷ്ടപ്പെടേണ്ടതൊന്നുമില്ല. കിട്ടാനുള്ളതോ പുതിയൊരു സ്വർഗവും. സഖാക്കളേ പിണറായി വിജയനാണു നമ്മുടെ നാഥൻ. അവിടത്തേക്ക് എന്നും എന്നേയ്ക്കും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ. ❐

## നല്ല ക്ഷമവേണം സഖാക്കളേ!



ഒരു നാണക്കേടുണ്ടായാൽ അതിൽനിന്നു കരകയറണമെങ്കിൽ അതിന്റേതായ സമയമെടുക്കും. അതുവരെ ക്ഷമിച്ചിരിക്കയേ മാർഗമുള്ളൂ. ലോക്സഭാ തെരഞ്ഞെടുപ്പിൽ തോറ്റമ്പിയ സിപിഎമ്മിന് ഇതൊന്നുമറിഞ്ഞൂകൂടെന്നു പറഞ്ഞുകൂടാ. കുറച്ചൊക്കെ അറിയാം. അതുകൊണ്ടാണല്ലോ തെറ്റുകളും പാളിച്ചകളുമൊക്കെ തിരുത്തി മുന്നോട്ടു പോകുമെന്ന് അതിന്റെ നേതാക്കന്മൊരു മാറിമാറി പറഞ്ഞുകൊണ്ടിരിക്കുന്നത്. 'വാ നമുക്കു കൂട്ടുകൂടാ'മെന്നു പറഞ്ഞുകൊണ്ട് അച്ചന്മാരെയും മെത്രാന്മാരെയുമെല്ലാം കൈകൊട്ടി വിളിക്കുന്നുമുണ്ട്. ഇങ്ങനങ്ങുപോയാൽ മതിയായിരുന്നു.

ഇതിനിടയിൽ വിമോചനസമരത്തെക്കേറി പിടിക്കേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ? നമ്മൾ രക്തസാക്ഷിദിനാചരണം നടത്തുന്നുണ്ട്, ആണ്ടുതോറും ചടങ്ങുപോലെ. കൂടിവന്നാൽ രണ്ടു പൂവേറ്, നാലു മുദ്രാവാക്യം. ആർക്കെങ്കിലും പരാതിയുണ്ടോ? ഇവിടെ അമ്പതാണ്ടുതികഞ്ഞപ്പോഴല്ലേ വിമോചനസമരക്കാര് അതോർത്തത്. അതിനെ ഇങ്ങനെ പേടിക്കണമായിരുന്നോ? പേടിയില്ലെന്നു വരുത്താൻ 'തെറിപറയണമായിരുന്നോ? ഒരു നിമിഷം നമ്മൾ തോറ്റേച്ചുനില്ക്കുവാണെന്ന കാര്യം മറന്നുപോയോ. ങ്ഹാ, സാരമില്ല.

പക്ഷേ, പിന്നെയും നാണക്കേടു വരുത്തിവച്ചു. എൽഡിഎഫ് യോഗത്തിലേക്ക് ജനതാദൾ വിമതർ വിളിച്ചപ്പം നമ്മുടെ വെളിയം ആശാനോടു പറഞ്ഞിട്ടു വേണായിരുന്നോ? വെറും പേപ്പിടിയാണെങ്കിലും ആശാൻ മൊത്തത്തിൽ കുളമാക്കിയില്ലേ? തിരഞ്ഞെടുപ്പുകാലത്തെ വിശേഷങ്ങൾ മറന്നുപോയി.

നമ്മുടെ പഴയമുഴുപ്പിന് ആരോടും ചോദിക്കാൻ തോന്നിയില്ല. പറ്റിയതുപറ്റി. മാത്യു ടി.തോമസിനെ വിളിച്ച് കുറച്ചുകൂടി ക്ഷമിച്ചിരിക്കാൻ പറകയേ ഇനി നിവൃത്തിയുള്ളൂ. ❐

# മൊഴിയും മറുമൊഴിയും

### ചാണക്യൻ

ജനനേതാക്കൾ സമുദായനേതൃത്വത്തിനു മുമ്പിൽ മുട്ടുമടക്കരുതെന്നു യൂത്ത് കോൺഗ്രസ്.

➢ **മുട്ടുമടക്കാതെ പയ്യെ നടുവുവളയ്ക്കുന്നതിനു കുഴപ്പമില്ലെന്നു കരുതാം.**

* * * * *

ഈ സർക്കാരിൽ യാത്രപ്പടി, ക്ഷാമബത്ത ഇനത്തിൽ ഏറ്റവുമധികം തുക ചെലവഴിച്ചതു മന്ത്രി എം.എ ബേബി. തുക: 15,95,400 രൂപ.

*– പത്രറിപ്പോർട്ട്*

➢ **വെറുതെയല്ല നമ്മുടെ വിദ്യാഭ്യാസ, സാംസ്കാരികരംഗം കുറഞ്ഞോരുനാളുകൊണ്ട് ഇത്രയും കേമമായത്.**

* * * * *

കേരളത്തിൽ സ്ത്രീവിമോചനം നടന്നിട്ടില്ലെന്നു സാറാ ജോസഫ്.

➢ **കാര്യമായി വല്ലതും നടക്കുന്നുണ്ടെങ്കിൽ അതു സ്ത്രീപീഡനമാണ്.**

* * * * *

അച്ചടിപിശകുകൾ നിറഞ്ഞ അഞ്ചാംതരം പാഠപുസ്തകത്തിൽ ചില പാഠഭാഗങ്ങൾ കാണാനില്ല. അഞ്ചാംതരം അടിസ്ഥാനശാസ്ത്രം ഒന്നിലാണ് അച്ചടിപ്പിശകുകൾ നിറഞ്ഞത്.

*– പത്രറിപ്പോർട്ട്*

➢ **ഹ..ഹ..ഹ..പലതരം വിദ്യകളുടെയും അഭ്യാസങ്ങളുടെയും ഇടയിൽ ഇതല്ല, ഇതിലപ്പുറവും സംഭവിക്കും.**

* * * * *

സ്കൂൾകുട്ടികൾക്കു ഉച്ചഭക്ഷണം നല്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ച സൗജന്യഅരി എടുക്കുന്നതിലും സംസ്ഥാനസർക്കാരിന് വീഴ്ച സംഭവിച്ചതായി പത്രറിപ്പോർട്ട്.

➢ **വീഴ്ചകളിങ്ങനെ പലതും കാണും. വാഴ്ചയല്ലോ പ്രധാനം.**

* * * * *

തോക്കും ലാത്തിയും കർക്കശ്യവുമില്ലാത്ത, ശബ്ദമാധുര്യത്തിലൂടെ പോലീസ് സേനാംഗങ്ങൾ അക്ഷരനഗരിയെ വിസ്മയിപ്പിച്ചു– പോലീസ് അസോസിയേഷൻ ഗാനമേളയെക്കുറിച്ചുള്ള കോട്ടയം വാർത്ത.

➢ **ചുമ്മാ പാട്ടുംപാടി നടക്കുന്ന കള്ളന്മാരെയല്ലേ കോട്ടയംകാരു കണ്ടിട്ടുള്ളൂ!**

* * * * *

മക്കളെ തിരുത്തിയില്ലെങ്കിൽ മന്ത്രിമാരെ തിരുത്തുമെന്നു സിപിഎം കേന്ദ്രനേതൃത്വം.

➢ **അവസാനം മക്കൾ അച്ഛന്മാരെ തുരത്തുമോയെന്നറിയില്ല.**

* * * * *

പിണറായിക്കു കേസു നടത്താൻ സിപിഎം 30 കോടി പിരിക്കും

*– പത്രവാർത്ത*

➢ **മുതലാളിത്തം തുലയട്ടെ തൊഴിലാളിഐക്യം സിന്ദാബാദ്!**

* * * * *

CYAN MAGENTA YELLOW BLACK

ഫീച്ചർ

# ഔഷധകൃഷി സാധ്യതകളും സഹായ പദ്ധതികളും

**കാ**ർഷികമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിന്റെ കാർഷികരംഗത്ത് പുത്തൻ വിപ്ലവം സൃഷ്ടിക്കുകയാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ.

ദേശീയ ഹോർട്ടികൾച്ചർ മിഷനും ദേശീയ ഔഷധസസ്യ മിഷനും സംയുക്തമായി ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നൂതനപദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്.

ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം, വിളവിസ്തൃതി വർധിപ്പിക്കൽ, വിളവെടുപ്പനന്തര പരിപാലനവും സംസ്കരണവും മൂല്യവർധനവും തുടങ്ങിയവയാണു പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. താത്പര്യമുള്ളവർ സമീപത്തുള്ള കൃഷിഭവൻ ഓഫീസിൽ ബന്ധപ്പെടേണ്ടതാണ്.

## വിളവിസ്തൃതി വർധിപ്പിക്കൽ

വനങ്ങൾ ഔഷധസസ്യങ്ങളുടെ ഒരു വൻശേഖരമായി കണക്കാക്കപ്പെടുന്നു. നിരന്തരമായ ഔഷധസസ്യങ്ങളുടെ ശേഖരണം കാലക്രമേണ ഈ അസുലഭ സമ്പത്തിനെ നിർമാർജനം ചെയ്യുന്ന സ്ഥിതിയിലേക്കു കൊണ്ടെത്തിച്ചേക്കാം.

ഔഷധങ്ങളുടെ ഗുണനിലവാരത്തെയും ഇത് ബാധിച്ചേക്കും. അതിനാൽ ഔഷധസസ്യകൃഷിയുടെ വ്യാപനത്തിലൂടെ ഈ പ്രതിസന്ധി നമുക്ക് ഒരു പരിധിവരെ തരണം ചെയ്യാൻ കഴിയും. ഈ ലക്ഷ്യം മുൻനിർത്തി ദേശീയ ഹോർട്ടികൾച്ചർ മിഷൻ തെരഞ്ഞെടുത്ത 29 ഔഷധസസ്യങ്ങളുടെ വിളവിസ്തൃതി വർധിപ്പിക്കുന്നതിനായി കർമപദ്ധതി ആവിഷ്കരിച്ചിരിക്കുന്നു.

## നഴ്സറി

*നടീൽവസ്തുക്കളുടെ ഉത്പാദനം*

ആധുനിക സംവിധാനങ്ങളോടുകൂടി സ്ഥാപിക്കുന്ന മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നു.

| ക്രമ. നം. | ഇനം | പദ്ധതി ച്ചെലവ് | അർഹമായ ധനസഹായം |
|---|---|---|---|
| 1. | **പൊതുമേഖലാസ്ഥാപനം** | | 100% |
| | എ. മാതൃകാ നഴ്സറി (4 ഹെക്ടർ) | 20 ലക്ഷം | 20 ലക്ഷം |
| | ബി. ചെറുകിട നഴ്സറി (1 ഹെക്ടർ) | 4 ലക്ഷം | 4 ലക്ഷം |
| 2. | **സ്വകാര്യമേഖലാ സ്ഥാപനം** | | 50% |
| | എ.മാതൃകാ നഴ്സറി (4 ഹെക്ടർ) | 20 ലക്ഷം | 10 ലക്ഷം |
| | ബി.ചെറുകിട നഴ്സറി (1 ഹെക്ടർ) | 4 ലക്ഷം | 2 ലക്ഷം |

## വിളവെടുപ്പാനന്തര പരിപാലനം

ഔഷധസസ്യ ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ഉണക്കുപുര, സംഭരണശാലകൾ എന്നിവ സ്ഥാപിക്കാനുള്ള സഹായം മിഷൻ നല്കുന്നു.

| ക്രമ. ന. | ഇനം | ധനസഹായം |
|---|---|---|
| 1. | **ഉണക്കുപുര** | |
| | എ. പൊതുമേഖല | 5 ലക്ഷം രൂപ (100% ധനസഹായം- സ്വയംസഹായസംഘം, സഹകരണസംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ) |
| | ബി. സ്വകാര്യമേഖല | 2.5 ലക്ഷം രൂപ (50% ധനസഹായം- സ്വകാര്യമേഖലക്ക്) |
| 2. | **സംഭരണശാലകൾ** | |
| | എ.പൊതുമേഖല | 5 ലക്ഷം രൂപ (100% ധനസഹായം- സ്വയംസഹായസംഘം, സഹകരണസംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ) |
| | ബി. സ്വകാര്യമേഖല | 2.5 ലക്ഷം രൂപ (50% സ്വകാര്യമേഖലക്ക്) |

## മാനേജ്മെന്റ് സപ്പോർട്ട്

ദേശീയ ഔഷധസസ്യമിഷന്റെ പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്. ഔഷധസസ്യ മിഷന്റെ പദ്ധതി നിർവഹണത്തിനായി കാർഷികോത്പാദന കമ്മീഷണർ ചെയർമാനായി ഒരു ഒമ്പതംഗ സംസ്ഥാന ഭരണനിർവഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറും ടെക്നിക്കൽ സ്റ്റാഫും സംസ്ഥാനതലത്തിലും, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലും പദ്ധതികൾ നടപ്പാക്കുന്നതിന് മേല്നോട്ടം വഹിക്കുന്നു.

**പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ 29 ഔഷധസസ്യങ്ങളുടെ വിള വിസ്തൃതി വർധിപ്പിക്കുന്നതിന് താഴെപ്പറയുന്ന രീതിയിൽ ധനസഹായം നല്കുന്നതാണ്.**

| ക്രമ. നം. | പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിളകൾ | ധനസഹായം ശതമാനത്തിൽ (%) | അർഹമായ ധനസഹായം (ഹെക്ടറൊന്നിന്) |
|---|---|---|---|
| 1. | മുഞ്ഞ | 50 | 5,500 |
| 2. | നെല്ലി | 20 | 13,000 |
| 3. | നീർമരുത് | 20 | 9,000 |
| 4. | അശോകം | 50 | 31,250 |
| 5. | വയമ്പ് | 20 | 12,500 |
| 6. | കൂവളം | 50 | 20,000 |
| 7. | താന്നിക്ക | 20 | 8,000 |
| 8. | കീഴാർനെല്ലി | 20 | 5,500 |
| 9. | ബ്രഹ്മി | 20 | 8,000 |
| 10. | ചന്ദനം | 75 | 48,750 |
| 11. | കടുക്ക | 20 | 8,000 |
| 12. | വയണ | 20 | 15,500 |
| 13. | കുമിഴ് | 50 | 22,500 |
| 14. | കറ്റാർവാഴ | 20 | 8,500 |
| 15. | തഴുതാമ | 20 | 6,000 |
| 16. | വേങ്ങ | 50 | 27,500 |
| 17. | നറുനീണ്ടി | 20 | 7,000 |
| 18. | പലകപ്പയ്യാനി | 75 | 33,750 |
| 19. | കിരിയത്ത് | 20 | 5,000 |
| 20. | കുടംപുളി | 20 | 12,500 |
| 21. | വേപ്പ് | 20 | 7,500 |
| 22. | ചപ്പാങ്ങം, പതിമുഖം | 20 | 15,000 |
| 23. | തിപ്പലി | 20 | 12,500 |
| 24. | രക്തചന്ദനം | 75 | 41,250 |
| 25. | സർപഗന്ധി | 50 | 31,250 |
| 26. | ശതാവരി | 20 | 12,500 |
| 27. | ശംഖുപുഷ്പി | 20 | 12,000 |
| 28. | ചിറ്റാമൃതം | 20 | 5,500 |
| 29. | തുളസി | 20 | 6,000 |

## സംസ്കരണവും മൂല്യവർധനവും

വൈദ്യുതി, ഗതാഗതയോഗ്യത തുടങ്ങി അടിസ്ഥാനസൗകര്യങ്ങളുള്ള വ്യവസായമേഖലകളിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ് അഭികാമ്യം.

| ക്രമ.നം. | ഇനം | പദ്ധതിച്ചെലവ് (ലക്ഷംരൂപയിൽ) | അർഹമായ ധനസഹായം |
|---|---|---|---|
| 1. | സംസ്കരണ യൂണിറ്റുകൾ | 200 | പദ്ധതിച്ചെലവിന്റെ 25% പരമാവധി (50 ലക്ഷം) |
| 2. | നിലവാര പരിശോധനാ യൂണിറ്റുകൾ | 100 | പദ്ധതിച്ചെലവിന്റെ 30% പരമാവധി (30 ലക്ഷം) |
| 3. | വിപണി വ്യാപന പ്രവർത്തനങ്ങൾ (മേളകൾ, ട്രേഡ് ഫെയറുകൾ എക്സിബിഷനുകൾ) | 10 | പദ്ധതിച്ചെലവിന്റെ 50% എന്ന പരിധിക്കു വിധേയമായി പരമാവധി 5 ലക്ഷം രൂപ |
| 4. | അടിസ്ഥാന വിപണന സൗകര്യങ്ങൾ *എ. ഗ്രാമീണ വിപണികൾ* | 10 | പദ്ധതിയധിഷ്ഠിതം |
| | *ബി. സംസ്ഥാന/ ജില്ലാ വിപണികൾ* | 200 | (സ്വയംസഹായസംഘങ്ങൾ, സഹകരണസംഘങ്ങൾ, പൊതുമേഖല എന്നിവയ്ക്ക് 100% സഹായം) |
| 5. | ജൈവ/മാതൃകാ കൃഷി രീതികൾ അവലംബിക്കുന്നതിന്റെ സാക്ഷ്യപ്പെടുത്തൽ | 5 (50 ഹെ) | |
| 6. | വിള ഇൻഷ്വറൻസ് | | പ്രീമിയത്തിന്റെ 50% |

CYAN MAGENTA YELLOW BLACK



# പാണ്ഡവർ പാഞ്ചാല രാജാവിന്റെ ആതിഥ്യം സ്വീകരിക്കുന്നു



പുനരാഖ്യാനം

## മഹാഭാരതം -25

സവ്യസാചി

പാഞ്ചാലിയോടൊപ്പം പാണ്ഡവർ തങ്ങളുടെ താത്കാലിക വസതിയായ കുശവക്കുടിലിലെത്തി. മുറ്റത്തെത്തിയപ്പോൾ തന്നെ അവർ അമ്മയെ വിളിച്ചു പറഞ്ഞു: "അമ്മേ, ഇന്ന് ഞങ്ങൾക്കൊരു വിശേഷപ്പെട്ട ഭിക്ഷ കിട്ടിയിട്ടുണ്ട്". അതു കേട്ട കുന്തി വീടിനകത്തുനിന്ന് പതിവുപോലെ മറുമൊഴി ചൊല്ലി: "എല്ലാവരും കൂടി പങ്കിട്ടു കഴിച്ചോളൂ".

അമ്മയെ തങ്ങളൊന്നു പറ്റിച്ചു എന്ന ഭാവത്തിൽ ഉറക്കെ ചിരിച്ചുകൊണ്ട് അവർ വീടിനകത്തേക്കു ചെന്ന് പാഞ്ചാലിയെ മുന്നിൽ നിർത്തി, 'ഇതാണമ്മേ ഇന്നത്തെ ഭിക്ഷ' എന്നു വ്യക്തമായി പറഞ്ഞു. പാഞ്ചാലിയെക്കണ്ട അമ്മ പെട്ടെന്ന് വിഷാദവതിയായി. "കഷ്ടം, ഞാൻ അറിയാതെ അബദ്ധം പറഞ്ഞുപോയല്ലോ", എന്ന് ഏതാണ്ടു കരഞ്ഞ മട്ടിൽ പറയുകയും ചെയ്തു.

കുന്തി യുധിഷ്ഠിരനോട് പറഞ്ഞു: "മകനേ, ഞാൻ അറിയാതെ പറഞ്ഞുപോയതാണ്. ഭിക്ഷ എന്നു കേട്ടപ്പോൾ എല്ലാവരും കൂടി പങ്കിട്ടു കഴിച്ചോളാൻ പറഞ്ഞുപോയി. ഈ കന്യകയാണ് ഇന്നത്തെ ഭിക്ഷ എന്ന് ഞാൻ ഓർത്തതേയില്ല. എങ്കിലും എന്റെ വാക്ക് തെറ്റാൻ പാടില്ല. പാഞ്ചാലകുമാരിക്ക് അധർമം പറ്റുകയുമരുത്. നീയൊരു തീരുമാനം പറയുക".

യുധിഷ്ഠിരൻ അമ്മയെ ആശ്വസിപ്പിച്ചു: "അമ്മേ, ഇതിൽ ധർമാധർമങ്ങളുടെ പ്രശ്നമൊന്നുമില്ല. അമ്മ ഞങ്ങളോടു പറഞ്ഞത് ഒരു പതിവുകാര്യം മാത്രമാണ്. ദ്രൗപദിയാണ് ഭിക്ഷ എന്ന് അമ്മ അറിഞ്ഞിട്ടേയില്ല. അതുകൊണ്ട് വാക്കുതെറ്റുന്ന പ്രശ്നവുമില്ല. ഈ കന്യകയെ അർജുനൻ അവന്റെ അസ്ത്രവിദ്യാപാടവം കൊണ്ട് നേടിയെടുത്തതാണ്. അതിൽ മറ്റാർക്കും അവകാശമില്ല. അഗ്നി ജ്വലിപ്പിച്ച് ധർമാനുസൃതമായി എന്റെ അനുജൻ ഈ കുമാരിയെ വിവാഹം ചെയ്യട്ടെ".

അതുകേട്ട് അർജുനൻ പറഞ്ഞു: "പാടില്ല ജ്യേഷ്ഠാ, അമ്മയുടെ വാക്കുതെറ്റിച്ച് ഞാൻ അധർമിയാകാൻ പാടില്ല. അറിഞ്ഞിട്ടായാലും അറിയാതെയായാലും അമ്മ പറഞ്ഞതിനു മാറ്റമുണ്ടാവാൻ ഞാൻ സമ്മതിക്കില്ല. ആദ്യം അവളെ ജ്യേഷ്ഠൻ വിവാഹം ചെയ്യണം. പിന്നെ ഭീമജ്യേഷ്ഠനും. അതിനുശേഷം ഞാൻ. പിന്നാലെ നകുലസഹദേവന്മാരും. ജ്യേഷ്ഠാ ഞങ്ങൾ നാലുപേരും പാഞ്ചാലിയും അങ്ങയുടെ ആജ്ഞാനുവർത്തികളാണ്. ധർമ്യവും യശസ്യവുമായതു മാത്രമേ അങ്ങ് ചെയ്യൂ എന്ന് ഞങ്ങൾക്കുറപ്പുണ്ട്."

അർജുനന്റെ വാക്കു കേട്ടപ്പോൾ പാണ്ഡുപുത്രന്മാരുടെ മനസ്സിൽ കാമദേവന്റെ വില്ലൊടിഞ്ഞു. കണ്ണുകളിൽ കാമാഭിലാഷത്തിന്റെ ജ്വാലപടർന്നു. അതുവരെ നോക്കാത്ത നോട്ടം കൊണ്ട് അവർ പാഞ്ചാലിയെ അടിമുടി ഉഴിഞ്ഞു. എന്തൊരു മോഹനരൂപം, എന്തൊരു വശീകരണശക്തി എന്നൊക്കെ മനസ്സിൽ കുളിരണിയുകയും ചെയ്തു.

തൊട്ടുമുമ്പു വരെ പാഞ്ചാലി അവർക്കെല്ലാം സഹോദരിയായിരുന്നു. അർജുനന്റെ ഭാര്യയായിരുന്നു. ഇപ്പോഴാകട്ടെ അവൾ തങ്ങൾക്കെല്ലാം അവകാശപ്പെട്ട പെണ്ണായി മാറി.

പെട്ടന്നവിടേക്കു രണ്ടതിഥികൾ കടന്നു വന്നു. ബലരാമനും ശ്രീകൃഷ്ണനും. കുന്തിയുടെ സഹോദര പുത്രന്മാർ. പാണ്ഡവരുടെ അമ്മാവൻ വസുദേവരുടെ മക്കൾ. കടന്നു വന്ന ഉടനെ രണ്ടുപേരും ഇളയമ്മയുടെ പാദം തൊട്ടുവണങ്ങി. യുധിഷ്ഠിരൻ ചോദിച്ചു: "വാസുദേവ, ഒളിവിൽ വേഷപ്രച്ഛന്നരായി താമസിക്കുന്ന ഞങ്ങളെ എങ്ങനെ തിരിച്ചറിഞ്ഞു?

യുധിഷ്ഠിരാ, അതിനെന്തു വിഷമം. ചാരംമൂടിക്കിടന്നാലും തീക്കനൽ തിളങ്ങാതിരിക്കുമോ? പാഞ്ചാല രാജധാനിയിൽ വച്ചു തന്നെ ഞങ്ങൾ നിങ്ങളെ തിരിച്ചറിഞ്ഞിരുന്നല്ലോ. ഏതായാലും ഭാഗ്യമായി. പലർക്കും സംശയം തോന്നിയിട്ടുണ്ടാവുമെങ്കിലും ആരും നിങ്ങളെ തിരിച്ചറിഞ്ഞിട്ടില്ല. ഗുഹയിലൊളിഞ്ഞിരിക്കുന്ന തീയാണു നിങ്ങൾ. തത്ക്കാലം ഈ നില തുടരുക. വെളിയിൽ വരാൻ സമയമായിട്ടില്ല.



യാത്രപറഞ്ഞ് ബലരാമനും ശ്രീകൃഷ്ണനും പോയപ്പോഴേക്കും സമയം രാത്രിയായി. പാണ്ഡവരെ രഹസ്യമായി പിന്തുടർന്ന ധൃഷ്ടദ്യുമ്നന് ഇവർ പാണ്ഡവരാണെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ലെങ്കിലും ബ്രാഹ്മണരല്ല, ക്ഷത്രിയർ തന്നെയെന്ന് ഉറപ്പായി. മടങ്ങിച്ചെന്ന് അച്ഛനെ വിവരമറിയിക്കുകയും ചെയ്തു.

> *എല്ലാം കഴിഞ്ഞപ്പോൾ ദ്രുപദരാജാവ് യുധിഷ്ഠിരനെ വിളിച്ച് രഹസ്യമായി അന്വേഷിച്ചു: "ഹേ ബ്രാഹ്മണ കുമാരാ, എന്നോട് സത്യം പറയണം. നിങ്ങൾ ബ്രാഹ്മണരോ, ക്ഷത്രിയരോ?"*

എല്ലാം കേട്ടപ്പോൾ ദ്രുപദൻ സന്തോഷത്തോടെ ചോദിച്ചു: "മകനേ അവർ പാണ്ഡവർ തന്നെയല്ലേ? എന്റെ മകളെ ഞാൻ പാർത്ഥനു തന്നെയല്ലേ കൊടുത്തത്? എന്റെ ദീർഘകാലാഭിലാഷം സഫലമായില്ലേ? എങ്കിലും സംശയം ഒന്നു കൂടി തീർക്കാൻ നാളെ നമ്മുടെ പുരോഹിതനെ അവരുടെ അടുത്തേക്കയയ്ക്കാം".

പിറ്റേന്നു രാജപുരോഹിതൻ ധൗമ്യൻ കുശവഭവനത്തിലെത്തി. പാണ്ഡവരെ കണ്ടു. ജ്യേഷ്ഠപാണ്ഡവൻ യുധിഷ്ഠിരനോടു വിവരങ്ങൾ ആരാഞ്ഞു. അദ്ദേഹം ഇങ്ങനെ കൂടി പറഞ്ഞു: "ദ്രുപദ മഹാരാജാവിന് നിങ്ങൾ ആരാണെന്നറിയാൻ ആഗ്രഹമുണ്ട്. നിങ്ങൾ ബ്രാഹ്മണരല്ല ക്ഷത്രിയരാണെന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമില്ല. ഒന്നേ അദ്ദേഹത്തിന് അറിയേണ്ടതുള്ളൂ. തന്റെ പുത്രി വരിച്ചത് പാർത്ഥനെ തന്നെയാണോ? അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം അതായിരുന്നു. തന്റെ ഏകമകളെ വില്ലാളി വീരനായ അർജുനനു ഭാര്യയായി കൊടുക്കണം. അത് സഫലമായി എന്ന് ഞാൻ അദ്ദേഹത്തെ അറിയിക്കട്ടെയോ?"

യുധിഷ്ഠിരൻ പുരോഹിതന്റെ ചോദ്യങ്ങൾക്ക് എങ്ങും തൊടാതെ മറുപടി പറഞ്ഞതേയുള്ളൂ. ഒരു കാര്യം മാത്രം ദ്രുപദനെ അറിയിച്ചുകൊള്ളാൻ അദ്ദേഹം പുരോഹിതനോടു പറഞ്ഞു. മകളെ യോഗ്യനായ പുരുഷനെയാണ് എല്പിച്ചിരിക്കുന്നത്. താമരക്കുളത്തിൽ നിന്ന് താമര പറിച്ച് നട്ടിരിക്കുന്നത് വേറൊരു താമരക്കുളത്തിൽ തന്നെയാണ്.

ഇത്രയുമായപ്പോൾ മറ്റൊരു ദൂതനെത്തി. ദ്രുപദരാജാവിന്റെ കൊട്ടാരത്തിൽ നിന്നാണ്. അദ്ദേഹം തന്റെ മകളുടെ ഭർത്താവിനെയും അമ്മയെയും സഹോദരങ്ങളെയും വിരുന്നിനുവിളിക്കുന്നു. പാണ്ഡവർ ക്ഷണം സ്വീകരിച്ചു. പുരോഹിതനോടൊപ്പം അവർ കൊട്ടാരത്തിലെത്തി.

വിഭവസമൃദ്ധമായ വിരുന്നിനുശേഷം പാണ്ഡവർ ദ്രുപദനോടും മകൻ ധൃഷ്ടദ്യുമ്നനോടുമൊപ്പം കൊട്ടാരം ചുറ്റി നടന്നു കണ്ടു. ആയുധങ്ങൾ സൂക്ഷിക്കുന്ന അറ കണ്ടതോടെ പാണ്ഡവരെല്ലാം അവിടെ കയറി ഓരോ ആയുധവും വളരെ താത്പര്യത്തോടെ നോക്കിക്കണ്ടു തുടങ്ങി.

ഇതുകണ്ട ദ്രുപദൻ മകനോട് സ്വകാര്യമായി പറഞ്ഞു: "ധൃഷ്ടദ്യുമ്നാ, നോക്കൂ ഇവർ ബ്രാഹ്മണരല്ലെന്നു തീർച്ചയല്ലേ? ബ്രാഹ്മണർ ഒരിക്കലും ആയുധപ്പുരയിൽ കയറുകയോ ഏതെങ്കിലും ആയുധം കൈയിലെടുത്ത് പരിശോധിക്കുകയോ ചെയ്യാറില്ല. ഇവർ ഓരോ ആയുധവും എടുക്കുന്നതും പരിശോധിക്കുന്നതും അസ്ത്രവിദ്യാ വിധികൾക്കനുസരിച്ചു തന്നെ. ഇവർ ക്ഷത്രിയർ തന്നെയാണെന്ന് എന്റെ മനസ്സുപറയുന്നു."

ധൃഷ്ടദ്യുമ്നൻ പറഞ്ഞു: "അച്ഛാ, ഞാനും അതു തന്നെയാണോർക്കുന്നത്. ഇവരുടെ വേഷം ഒഴിച്ച് മറ്റൊന്നും ബ്രാഹ്മണർക്ക് ചേർന്നതല്ല. ബ്രാഹ്മണരാരും ഇത്രയും വീരപരാക്രമികളായിട്ട് നമ്മൾ കണ്ടിട്ടുമില്ല. അച്ഛൻ നേരിട്ടുതന്നെ ചോദിച്ചു നോക്കിയാലോ?"

എല്ലാം കഴിഞ്ഞപ്പോൾ ദ്രുപദരാജാവ് യുധിഷ്ഠിരനെ വിളിച്ച് രഹസ്യമായി അന്വേഷിച്ചു: ഹേ ബ്രാഹ്മണ കുമാരാ, എന്നോട് സത്യം പറയണം. നിങ്ങൾ ബ്രാഹ്മണരോ, ക്ഷത്രിയരോ?"

യുധിഷ്ഠിരൻ പറഞ്ഞു: "രാജാവേ സംശയിക്കേണ്ട. ഞങ്ങൾ ക്ഷത്രിയർ തന്നെ. എന്നല്ല, ഞങ്ങളാണ് പാണ്ഡവർ. ഞാൻ യുധിഷ്ഠിരൻ. മറ്റുള്ളവർ മുറയ്ക്ക് ഭീമനും അർജുനനും നകുലനും സഹദേവനും അമ്മ കുന്തി കൃഷ്ണയോടൊപ്പം ഞങ്ങൾ ഇപ്പോൾ താമസിക്കുന്ന കുശവക്കുടിയിലുണ്ട്.

ദ്രുപദൻ ആഹ്ലാദം കൊണ്ടു മതിമറന്നു. യുധിഷ്ഠിരനെ ആശ്ലേഷിച്ചുകൊണ്ട് പറഞ്ഞു: "എനിക്കു സന്തോഷമായി യുധിഷ്ഠിരാ. എനിക്കൊരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. എന്റെ മകൾ കൃഷ്ണയെ അർജുനന് കൊടുക്കണം. അതു സാധ്യമായി. ആവട്ടെ, എന്താണു നിങ്ങൾ ഇങ്ങനെ വേഷപ്രച്ഛന്നരായി കഴിയാൻ കാരണം?"

യുധിഷ്ഠിരൻ എല്ലാം വിശദീകരിച്ചു. കൗരവരുമായുണ്ടായ പിണക്കവും അവർ വാരണാവതത്തിലെ അരക്കില്ലത്തിനു തീയിട്ടു കൊല്ലാൻ ശ്രമിച്ചതും അവിടെനിന്നും രക്ഷപ്പെട്ട് വനവാസികളായതും.

എല്ലാം കേട്ടപ്പോൾ ദ്രുപദൻ കലികൊണ്ടു. അന്ധനായ ധൃതരാഷ്ട്രർക്ക് മനക്കണ്ണുകൾപോലും നഷ്ടപ്പെട്ടതോർത്ത് അമർഷം കൊണ്ടു. എന്തുവിലകൊടുത്തും അവകാശപ്പെട്ട രാജ്യം സ്വന്തമാക്കണമെന്നും അതിനു തന്റെ സഹായം എന്നും പാണ്ഡവർക്കുണ്ടാകുമെന്നും ദ്രുപദൻ ഉറപ്പു കൊടുക്കുകയും ചെയ്തു.

"ഇനി നമുക്ക് വിവാഹം ആഡംബരപൂർവം നടത്തണം". ദ്രുപദൻ ആവേശം കൊണ്ടു.

യുധിഷ്ഠിരൻ അദ്ദേഹത്തെ തടഞ്ഞു പറഞ്ഞു: "രാജാവേ, അതു പാടില്ല. തത്ക്കാലം ഞങ്ങൾ ഇങ്ങനെ ബ്രാഹ്മണരായിത്തന്നെ കഴിയട്ടെ. സമയമാകുമ്പോൾ ഈ വേഷം ഞങ്ങൾ ഉപേക്ഷിക്കും. അതുകൊണ്ട് വിവാഹം യാതൊരാഘോഷവുമില്ലാതെ വിധിപ്രകാരം മാത്രം നടത്തിയാൽ മതിയാകും".

ദ്രുപദൻ സമ്മതിച്ചു. അദ്ദേഹം പറഞ്ഞു: "എങ്കിലൊരു കാര്യം ചെയ്യൂ. നിങ്ങളിനി കുശവക്കുടിലിൽ കഴിയേണ്ട. ഇവിടെ എന്റെ കൊട്ടാരം വെറുതെ കിടപ്പുണ്ട്. അവിടെ നിങ്ങൾ താമസമാക്കുക. ബാക്കിയെല്ലാം ഞാൻ നോക്കിക്കൊള്ളാം. രാജപുരോഹിതനുമായി ആലോചിച്ചു നമുക്ക് വിവാഹം നടത്തുകയും ചെയ്യാം."

അന്നുമുതൽ പാണ്ഡവർ പാഞ്ചാലിയോടും അമ്മയോടുമൊപ്പം ദ്രുപദന്റെ കൊട്ടാരത്തിൽ താമസം ആരംഭിച്ചു.

(തുടരും)

CYAN MAGENTA YELLOW BLACK